(സി) ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെ സാമൂഹ്യ മന്തുരോഗ നിവാരണ പദ്ധതി 2004 മുതൽ കേരളത്തിൽ നടപ്പിലാക്കിവരുന്നു. 2015-ഓടെ മന്തുരോഗം രാജ്യത്തുനിന്നും പൂർണ്ണമായും നിവാരണംചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മന്തുരോഗം തടയുകയും അതുവഴി ഇതുവരെ രോഗം ബാധിക്കാത്തവരെയും അടുത്ത തലമുറയെയും രോഗ വിമുക്തമാക്കുക, മന്തുരോഗം ബാധിച്ചവരിൽ വൈകല്യംകൊണ്ടുണ്ടായ ദുരിതം ചികിത്സകൊണ്ട് കുറയ്ക്കുക എന്നീ രണ്ട് കാര്യങ്ങൾക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്.

(ഡി) ലക്ഷ്യം കൈവരിച്ചുകൊണ്ടിരിക്കുകയാണ്. 2015-ഓടെ മന്തുരോഗം നിവാരണം ചെയ്യാൻ കഴിയുമെന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനങ്ങൾ നടന്നുപോകുന്നത്.

(ഇ) ഓഡിറ്റ് റിപ്പോർട്ട് അനുസരിച്ച് 2006-07 മുതൽ 2009-10-വരെ ചെലവഴിച്ച ആകെ തുക ചുവടെ ചേർക്കുന്നു :

വർഷം	തുക
2006-07	1,15,53,089
2007-08	1,09,49,143
2008-09	185.61 ലക്ഷം
2009-10	198.20 "

കഴിഞ്ഞ നാല് വർഷക്കാലം ഈ പദ്ധതിക്കായി ചിലവഴിച്ച തുകയ്ക്ക് ആനുപാതികമായ പ്രയോജനം ലഭിക്കുന്നുവെന്നാണ് 2004 മുതലുള്ള മന്തുരോഗ രക്തപരിശോധന റിപ്പോർട്ട് വെളിപ്പെടുത്തുന്നുന്നത്. അതായത് 2004-ൽ ഈ പദ്ധതി ആരംഭിച്ചതുമുതൽ മന്തുരോഗം കുറഞ്ഞുവരുന്നതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

സർക്കാർ ആശുപത്രികളുടെ പ്രവർത്തനം

7. (*67) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യമേഖലയിൽ അടിക്കടി ഉണ്ടാകുന്ന സമരംമൂലം പാവപ്പെട്ട രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള നടപടികൾഎന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ; ഈ വിഷയം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഗവൺമെന്റ് ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കിയതുമൂലം വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നതിനായി പാവപ്പെട്ടവരും ഇടത്തരക്കാരും ഗവൺമെന്റ് ആശുപത്രികളെ മാത്രം ആശ്രയിക്കുന്നതുമൂലം ഇവിടങ്ങളിൽ തിരക്ക് വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് ഗവൺമെന്റിന്റെ പരിഗണനയിലുള്ളത് ;

(ഡി) നോൺ പ്രാക്ടീസ് അലവൻസ് വേണ്ടെന്നുവച്ച് സ്വകാര്യ പ്രാക്ടീസിന് തയ്യാറാകുന്ന ഗവൺമെന്റ് ഡോക്ടർമാർക്ക് അതിന് അനുമതി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിനുകീഴിലുള്ള ആശുപത്രികളിൽ അടിക്കടി സമരം ഉണ്ടായിട്ടില്ല.

(ബി&സി) മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ സ്വകാര്യ പ്രാക്ടീസ് നിരോധിച്ചതുമൂലം മെഡിക്കൽ കോളേജ് ആശുപത്രികളിൽ തിരക്കു വർദ്ധിച്ചതായോ രോഗികൾക്ക് ബുദ്ധിമുട്ടുകൾ നേരിട്ടതായോ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. കൂടാതെ തിരക്കുനിയന്ത്രിക്കാൻ ലോക്കൽ ഒ.പി. സമ്പ്രദായം നടപ്പിൽ വരുത്തുകയും ഒ.പി. സമയങ്ങൾ ദീർഘിപ്പിച്ചുനൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) പരിഗണനയിലില്ല.

വയോമിത്രം പദ്ധതി

8 (*68) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയോധികരുടെ ആരോഗ്യ സുരക്ഷയ്ക്കായി സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആവിഷ്ക്കരിച്ചിട്ടുള്ള 'വയോമിത്രം' പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ബി) പദ്ധതി നടപ്പാക്കുന്നതിനായി സാമൂഹ്യക്ഷേമവകുപ്പ് എന്തെല്ലാം സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തുന്നത് ;

(സി) വയോധികരുടെ ചികിത്സാ ചെലവ് പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുമോ ;

(ഡി) സാമ്പത്തികക്ലേശം അനുഭവിക്കുന്നവരുടെ ആരോഗ്യ സുരക്ഷാ കാര്യത്തിൽ ഈ സർക്കാർ ഇതിനകം നടപ്പാക്കിയ ക്ഷേമപദ്ധതികൾ ഏതെല്ലാമാണ് ;

(ഇ) 'വയോമിത്രം' പദ്ധതിക്ക് തദ്ദേശ സ്ഥാപനങ്ങളുടെ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly